# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*189 12.02.2020-ൽ മറുപടിയ്ക്ക്

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി**

| ചോദ്യം<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, വി.കെ.പ്രശാന്ത് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടിയിൽ ചേരുന്നവർക്ക് പെൻഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | 10,000/- രൂപയോ അതിനു മുകളിലോ പ്രതിമാസ തവണകളടയ്ക്കുന്ന കെ.എസ്.എഫ്.ഇ. യുടെ പ്രവാസി ചിട്ടിവരിക്കാർക്ക് കേരള പ്രവാസി ക്ഷേമനിധി ബോർഡിന്റെ പെൻഷൻ പ്രീമിയം കെ.എസ്.എഫ്.ഇ. നൽകുന്നതിനുള്ള പദ്ധതിക്ക് 2019 നവംബർ 1 മുതൽ തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | പതിനായിരം രൂപയോ അതിന് മുകളിലോ പ്രതിമാസ തവണ സംഖ്യയുള്ള പ്രവാസി ചിട്ടികളിൽ ചേർന്ന് പണമടക്കുന്ന വരിക്കാർക്കായി കേരള പ്രവാസി ക്ഷേമനിധി ബോർഡിന്റെ പെൻഷൻ പദ്ധതിയുടെ പ്രതിമാസ പ്രീമിയം കെ. എസ് .എഫ് .ഇ വഹിക്കുന്നതാണ്. കേരള പ്രവാസി ക്ഷേമനിധി ബോർഡിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് പ്രസ്തുത പെൻഷൻ പദ്ധതിയിൽ അംഗത്വം എടുക്കേണ്ടത്. കേരള പ്രവാസി ക്ഷേമനിധി ബോർഡിലെ പെൻഷൻ വരിക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും പ്രസ്തുത പെൻഷൻ പദ്ധതിയിൽ അംഗമാകുന്ന വരിക്കാർക്കും ലഭിക്കുന്നതാണ്. 60 വയസ്സ് പ്രായമാകുന്ന മുറയ്ക്ക്, ചുരുങ്ങിയത് 5 വർഷമെങ്കിലും പ്രീമിയം അടച്ചവർക്കാണ് പ്രവാസി ക്ഷേമ നിധി ഫണ്ട് ബോർഡ് പെൻഷൻ അനുവദിക്കുന്നത്. ഇപ്പോൾ ഏറ്റവും കുറഞ്ഞ പെൻഷൻ ആയി 2000 രൂപയും കൂടിയ പെൻഷൻ ആയി 4000 രൂപയും ആണ് ബോർഡ് അനുവദിക്കുന്നത്. ഇത് കൂടാതെ പ്രവാസി ക്ഷേമ നിധി ഫണ്ട് ബോർഡിന്റെ പദ്ധതി പ്രകാരം കുടുംബ പെൻഷൻ, മരണാനന്തര ആനുകല്യങ്ങൾ, എന്നിവയും ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രവാസി ചിട്ടിയിൽ കൂടുതൽ ആളുകളെ ചേർക്കുന്നതിന് കെ.എസ്.എഫ്.ഇ. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (സി) | ഇന്ത്യക്കകത്തും പുറത്തുമുള്ള പ്രവാസികളെ ചിട്ടിയിൽ ചേർക്കുന്നതിന് വേണ്ടി പ്രിന്റ്, ഓൺലൈൻ മാധ്യമങ്ങൾ വഴിയുള്ള പ്രചാരണങ്ങൾ, നവമാധ്യമ പ്രചാരണങ്ങൾ, പ്രധാന നഗരങ്ങളിൽ കസ്റ്റമർ കൂട്ടായ്മകൾ കൂടാതെ പ്രവാസി സംഘടനകൾ വഴി പ്രവാസികളെ ബന്ധപ്പെടൽ എന്നിവ നടക്കുന്നുണ്ട്. |
| (ഡി) | പ്രവാസി ചിട്ടി പ്രചരണത്തിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ. 'പ്രവാസി ഗ്രാൻഡ് ഡേ' എന്ന പരിപാടി നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ നൽകുമോ? | (ഡി) | 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ 'പ്രവാസി ഗ്രാൻഡ് ഡേ' എന്ന ഒരു പരിപാടി കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകളിൽ സംഘടിപ്പിച്ചിരുന്നു. ബ്രാഞ്ചിലെത്തുന്ന പ്രവാസികളെ പ്രവാസിച്ചിട്ടിയിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനും, ചിട്ടിയിൽ ചേർക്കുന്നതിനും ഉള്ള സൗകര്യങ്ങൾ ബ്രാഞ്ചിൽ ഒരുക്കിയിരുന്നു. |

Puja

സെക്ഷൻ ഓഫീസർ